**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.208** **16.08.2017 ൽ മറുപടിയ്ക്ക്**

**<u>പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നതിനുള്ള നടപടി</u>**

**ചോദ്യം**

ശ്രീ.എം. മുകേഷ്

ശ്രീ.കാരാട്ട് റസാഖ്

ശ്രീ.എ. എൻ. ഷംസീർ

ശ്രീ.കെ. ബാബു

**മറുപടി**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) & ബി) | മികച്ച കായിക താരങ്ങളെ സൃഷ്ടിക്കുന്നതിന് സഹായകമായ തരത്തിൽ എല്ലാ സ്കൂളുകളിലും കായിക പരിശീലനം പഠനത്തിന്റെ ഭാഗമാക്കുന്നതിനായി ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധമായ പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. എസ്.എസ്.എ വഴി കായികാദ്ധ്യാപകരെ നിയമിച്ചിട്ടുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. |
| ബി) | ഇതിന്റെ ഭാഗമായി സ്കൂളുകളിൽ എന്തെല്ലാം ഭൗതിക സാഹചര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| സി) | എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിയ്ക്കായി 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണമാരംഭിയ്ക്കും. |
| ഡി) | എല്ലാ ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഡി) | 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 7 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| നം | പ്രോജക്ട് | ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവ് നമ്പറും തീയതിയും | പരിഷ്കരിച്ച സർക്കാർ ഉത്തരവ് നമ്പറും തീയതിയും | കിഫ്ബിയിൽ ഡി.പി.ആർ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ |
|---|---|---|---|---|
| 1 | തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം | ജി.ഒ.(ആർ.ടി) നം.33/2017/കാ.യു.വ തീയതി 13.02.2017 | ജി.ഒ.(ആർ.ടി) നം.117/2017/കാ.യു.വ തീയതി 09.06.2017 | ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 2 | ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം, കൊല്ലം | | | |
| 3 | ബ്ലെസ്സൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, പത്തനംതിട്ട | | | |
| 4 | ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, ആലപ്പുഴ | | | |
| 5 | സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം, ചിങ്ങവനം, കോട്ടയം | ജി.ഒ.(ആർ.ടി) നം.33/2017/കാ.യു.വ തീയതി 13.02.2017 | ജി.ഒ.(ആർ.ടി) നം.95/2017/കാ.യു.വ തീയതി 15.05.2017 | ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 6 | ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം, കോട്ടയം | | | |
| 7 | കെ.പി.തോമസ് ഇൻഡോർ സ്റ്റേഡിയം, ഇടുക്കി | | | |
| 8 | ഐ.എം.വിജയൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ | ജി.ഒ.(ആർ.ടി) നം.33/2017/കാ.യു.വ തീയതി 13.02.2017 | ജി.ഒ.(ആർ.ടി) നം.95/2017/കാ.യു.വ തീയതി 15.05.2017 | ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 9 | കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം, പാലക്കാട് | | | |
| 10 | പി.മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം, മലപ്പുറം | ജി.ഒ.(ആർ.ടി) നം.43/2017/കാ.യു.വ തീയതി 10.03.2017 | | ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 11 | ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | ജി.ഒ.(ആർ.ടി) നം.33/2017/കാ.യു.വ തീയതി 13.02.2017 | | |
| 12 | സി.കെ.ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം, വയനാട് | ജി.ഒ.(ആർ.ടി) നം.33/2017/കാ.യു.വ തീയതി 13.02.2017 | ജി.ഒ.(ആർ.ടി) നം.95/2017/കാ.യു.വ തീയതി 15.05.2017 | ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 13 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ | ജി.ഒ.(ആർ.ടി) നം.33/2017/കാ.യു.വ തീയതി 13.02.2017 | ജി.ഒ.(ആർ.ടി) നം.95/2017/കാ.യു.വ തീയതി 15.05.2017 | ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. |
| 14 | എം.ആർ.സി കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം, കാസർഗോഡ് | | | |

S.O